**Pastoral Letter No.18/2009**

**ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിന്റെ അനുഗ്രഹത്താലും**
**ബെൽത്തംഗഡി രൂപതയുടെ മെത്രാൻ**

# ലോറൻസ് മുക്കുഴി

**നമ്മുടെ രൂപതയിലെ ബഹു. വൈദികർക്കും സന്യാസികൾക്കും കന്യാസ്ത്രീകൾക്കും ജനങ്ങൾക്കും നമ്മുടെ കർത്താവിൽ ആശീർവ്വാദവും സമാധാനവും.**

''കർത്താവിന് നന്ദി പറയുവിൻ; അവിടുന്ന് നല്ലവനാണ്;
അവിടുത്തെ കാരുണ്യം അനന്തമാണ്''(സങ്കീ. 136:1)

***വന്ദ്യസഹോദരരേ, വത്സല മക്കളെ,***

2009 ഓഗസ്ററ് 4ന് നമ്മുടെ രൂപത ഉൽഘാടനം ചെയ്യപ്പെട്ടിട്ട് പത്ത് വർഷം പൂർത്തിയാകുകയാണ്. കർണ്ണാടക സംസ്ഥാനത്തിന്റെ സൗത്ത് കാനറ, ഉടുപ്പി, കൊടഗ് എന്നീ ജില്ലകളിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും വർഷങ്ങൾക്കു മുമ്പ് കുടിയേറി പാർത്ത സീറോമലബാർ സഭാമക്കളുടെ ചിരകാലാഭിലാഷം പൂർത്തി യാകുകയായിരുന്നു 1999 ഓഗസ്ററ് 4ന്. നിങ്ങളുടെ എല്ലാവരുടെയും പ്രാർത്ഥനാപൂർവ്വകമായ സാന്നിദ്ധ്യത്തിൽ നമ്മുടെ രൂപത ഉൽഘാടനം ചെയ്യപ്പെടുകയും എളിയവനായ ഞാൻ ഈ രൂപതയുടെ മെത്രാനായി അഭിഷേകം ചെയ്യപ്പെടുകയും ചെയ്തത് ഇന്നെന്നതുപോലെ മന ിൽ തെളിഞ്ഞുവരുകയാണ്. നമ്മുടെ രൂപത പത്ത് വർഷം പൂർത്തിയാക്കുമ്പോൾ ദൈവാനുഗ്രഹത്താലും നിങ്ങളുടെ എല്ലാവരുടെയും സഹകരണത്താലും വളരെയധികം മുമ്പോട്ട് പോയിരിക്കുന്നു. നമ്മുടെ ജനങ്ങൾ കൂടുതൽ വിശ്വാസത്തിലും കൂട്ടായ്മയിലും സ്വാഭിമാനത്തിലും വളർന്നിരിക്കുന്നു. ഇടവകകൾ സന്ദർശിക്കുമ്പോഴും നിങ്ങൾ എല്ലാവരെയും കാണുമ്പോഴും എനിക്ക് നിങ്ങളുടെ ആത്മീകവും ഭൗതികവുമായ വളർച്ചയിൽ വലിയ സന്തോഷം തോന്നുന്നു. നമ്മുടെ രൂപതയിൽ പുതിയ പള്ളികൾ, പള്ളിമുറികൾ, മഠങ്ങൾ, സ്ക്കൂളുകൾ, ആശുപത്രികൾ, ബാലഭവനുകൾ, വൃദ്ധമന്ദിരങ്ങൾ മുതലായ സ്ഥാപനങ്ങൾ ഉായി. നമുക്ക് പാസ്റ്ററൽ സെന്റർ, സെമിനാരി, കത്തീഡ്രൽ പള്ളി എന്നിവ പണിയാൻ സാധിച്ചു. ഇവയെല്ലാം ദൈവത്തിന്റെ അനുഗ്രഹം കൊും നിങ്ങളുടെ സഹകരണം കൊുമാണ് നടന്നത്. ഈ നാട്ടിൽ ഇന്ന്

പറയാറുള്ളതുപോലെ നമ്മുടെ ജീവിതം യാദൃശ്ചികമല്ല. ദൈവം സവിശേഷമായ പദ്ധതിയുാക്കി നമ്മെ ഇങ്ങോട്ട് അയച്ചതാണ്. നമുക്ക് ഓരോരുത്തർക്കും ഓരോ ദൗത്യം നിറവേറ്റാനു്. ഈ ദൗത്യ നിർവ്വഹണം സഭാ കൂട്ടായ്മയിലാണ് നടക്കേത്. അതുകൊ് രൂപതാംഗങ്ങളായ നാമെല്ലാവരും ദൗത്യബോധമുള്ളവരും പരസ്പരം സ്നേഹിച്ച്, ബഹുമാനിച്ച്, സഹകരിച്ച് ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ രൂപത ഇനി കൂടുതൽ പക്വതയിലേക്ക് വളരേയിരിക്കുന്നു. ബഹു ദൂരം യാത്ര ചെയ്യാനു്, വളരെയധികം കാര്യങ്ങൾ നേടാനു്, എല്ലാവരുടെയും സഹകരണം ഞാൻ പ്രതീക്ഷിക്കുന്നു.

ഈ വർഷം ഓഗസ്ററ് 4-ാം തിയതി നമ്മുടെ എല്ലാ വൈദീകരും രൂപതാ കേന്ദ്രത്തിൽ രൂപതായോഗത്തിൽ പങ്കെടുത്തുകൊിരിക്കുകയായിരിക്കും. അന്നേദിവസം കത്തിഡ്രൽ പള്ളിയിൽ ആഘോഷപൂർവ്വമായ ദിവ്യബലിയർപ്പിച്ച് ദൈവത്തിന് നന്ദി പറയുകയും അനുഗ്രഹങ്ങൾ യാചിക്കുകയും ചെയ്യും. വി.കുർബ്ബാനയിൽ പങ്കെടുക്കാൻ സാധിക്കാത്ത രൂപതാംഗങ്ങൾ അന്നേ ദിവസം വീടുകളിൽ പ്രാർത്ഥിച്ച് ദൈവത്തിനു നന്ദി പറയേതാണ്. ഓഗസ്ററ് 9ന് ഞായറാഴ്ച എല്ലാ പള്ളികളിലും പള്ളിച്ചെലവിൽ ആഘോഷമായ വി.കുർബ്ബാന രൂപതക്കുവേി അർപ്പിക്കുകയും ദൈവം നല്കിയ അനുഗ്രഹങ്ങൾക്ക് നന്ദി പറയുകയും, രൂപതക്കും ഉപകാരികൾക്കും വേി പ്രാർത്ഥിക്കുകയും വേണം.

''നിങ്ങൾ എന്റെ വാക്കു കേൾക്കുകയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ നിങ്ങൾ എല്ലാ ജനതകളിലും വെച്ച് എനിക്ക് ഏറ്റവും പ്രിയപ്പെട്ട എന്റെ സ്വന്തം ജനമായിരിക്കും''(പുറപ്പാട് 19:5) എന്നരുളിച്ചെയ്ത കാരുണ്യവാനായ ദൈവം തന്റെ കല്പനകളും ഉടമ്പടിയും പാലിക്കുവാൻ നമ്മെ അനുഗ്രഹിച്ച് അവിടുത്തേക്ക് പ്രിയപ്പെട്ട ഒരു രൂപതയാക്കി നമ്മെ മാറ്റട്ടെയെന്ന് പ്രാർത്ഥിച്ചുകൊ് + പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളേവരെയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി — **മാർ ലോറൻസ് മുക്കുഴി**
13 -07 - 2009 — ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

ഈ ഇടയലേഖനം ഓഗസ്ററ് 02-ാം തിയതി ഞായറാഴ്ച കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബ്ബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേതാണ്.

നാം അറിയപ്പെടുന്ന ഒരു ജനതയാണ്. ഇതിനെല്ലാം പുറമെ നാം സവിശേഷമായി പരിഗണിക്കപ്പെട്ട് ഒരു സഭയായി അംഗീകരിക്കപ്പെട്ടു. ഒരു കാലത്ത് ഈ നാട്ടിൽ മേൽവിലാസമില്ലാതെ ചിതറികിടന്നിരുന്ന നമ്മെ ദൈവം ഇന്ന് ഉയർത്തിയിരിക്കുന്നു! കർണ്ണാടകയിലെ സഭാ സമൂഹത്തിൽ ഇന്ന് നമ്മൾ അറിയപ്പെടുന്ന ഒരു രൂപതയാണ്. ഇടവകാതലത്തിലും റീജൻ തലത്തിലും ഒട്ടേറെ പ്രവർത്തനങ്ങൾ നടക്കുന്നു. രൂപതാതലത്തിൽ വിവിധങ്ങളായ പ്രേഷിത പ്രവർത്തനങ്ങൾ ദൈവാനുഗ്രഹത്താൽ നന്നായി ആരംഭിക്കുവാൻ നമുക്ക് സാധിച്ചു. ഇതിനെല്ലാറ്റിനും നമുക്ക് ദൈവത്തിന് നന്ദി പറയാം. നിങ്ങളുടെ എല്ലാവരുടെയും സഹകരണത്തിന് ഹൃദയപൂർവ്വം ഞാൻ നന്ദി പറയുന്നു.

ദശ വർഷം പൂർത്തിയാകുന്ന ഈ അവസരത്തിൽ സ്വയം പരിശോധനത്തിനും, നവീകരണത്തിനും നാം തയ്യാറാകണം. ദൈവവും സഭയും നമ്മെ ഉയർത്തി. നിരവധിയായ അനുഗ്രഹങ്ങൾകൊ് ദൈവം നമ്മെ ധന്യരാക്കി. ഒരു കാലത്ത് അന്യമായിരുന്ന സൗകര്യങ്ങൾ നമുക്കിന്ന് ലഭ്യമാണ്. നാം ഈ അനുഗ്രഹങ്ങൾക്ക് ആനുപാതികമായി ആത്മീയമായി വളർന്ന് സഹകരിച്ചോ എന്ന് പരിശോധിക്കണം. നമ്മുടെ വ്യക്തിപരവും കുടുംബപരവുമായ ജീവിതം കർത്താവിന്റെ തിരുഹിതത്തിന് അനുസരിച്ചുള്ളതാണോയെന്ന് പരിശോധിക്കണം. ഇടവകാകൂട്ടായ്മ കൂടുതൽ ശക്തിപ്പെടുത്തുവാനായി നാം ശ്രദ്ധിക്കണം. രൂപതയുടെ പൊതുവിലുള്ള പ്രവർത്തനങ്ങളോട് നമ്മുടെ മനോഭാവവും സഹകരണവും പരിശോധനാ വിധേയമാക്കണം.

സഭയെന്ന് പറയുന്നത് കർത്താവിനാൽ വിളിച്ചുകൂട്ടപ്പെട്ട ജനസമൂഹമാണ്. ഇത് വെറുമൊരു ഭൗതിക സംഘടനയല്ല. സഭക്ക് ദൃശ്യവും അദൃശ്യവുമായ ഘടകങ്ങളു്. ദൃശ്യമായ ഘടകങ്ങൾ സഭയിലെ വിവിധ സംവിധാനങ്ങളും, വിശ്വാസികളായ ജനങ്ങളുമാണ്. അദൃശ്യഘടകം ദൈവമാണ്. കർത്താവീശോമിശിഹായാണ് സഭയെ സ്ഥാപിച്ചത്. പരിശുദ്ധാത്മാവാണ് അതിനെ നയിക്കുന്നത്. സഭ ക്രിസ്തുവിന്റെ ശരീരമാണ്. നാമെല്ലാവരും അതിലെ അവയവങ്ങളുമാണ്. നാമെല്ലാവരും സ്നേഹത്തിൽ ഐക്യപ്പെട്ട് അവിടുത്തെ മഹത്വമായി ജീവിച്ച് അവിടുത്തെ സാക്ഷികളാകണം. നമ്മുടെ ജീവിതം ജീവിക്കുന്ന സുവിശേഷമാകണം.

ഈ കഴിഞ്ഞ പത്ത് വർഷം രൂപതയുടെയും ഇടവകകളുടെയും അടിസ്ഥാന സൗകര്യങ്ങൾ ഉാക്കുന്നതിലായിരുന്നു നമ്മുടെ കൂടുതൽ ശ്രദ്ധ. എന്നാൽ ഇനി സഭയുടെ ജീവിതത്തിൽ നാം കൂടുതൽ ശ്രദ്ധിക്കണം. ജീവിത നവീകരണത്തിനും വളർച്ചക്കും സാക്ഷ്യത്തിനും മുന്തൂക്കം നൽകണം. വിശ്വാസത്തിലും ആരാധനയിലും പങ്കുവയ്ക്കലിലും നാം വളരണം.

നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുന്നതും നിലനിർത്തുന്നതും ജീവിതത്തിന് അർത്ഥം നൽകുന്നതും നമ്മുടെ വിശ്വാസമാണ്. എല്ലാകാര്യങ്ങളെയും വിശ്വാസത്തിന്റെ കണ്ണിലൂടെ കാണുമ്പോൾ നമ്മുടെ ജീവിതം ധന്യമാകുന്നു. നമ്മൾ വിശ്വാസം സ്വീകരിക്കണം, വിശ്വാസത്തിൽ വളരാൻ ശ്രമിക്കണം. പരമ്പരാഗതമായി നമുക്ക് ലഭിച്ചിട്ടുള്ള വിശ്വാസം സംരക്ഷിക്കുന്നതോടൊപ്പം അതിനെക്കുറിച്ച് പഠിച്ച് വളരണം. വിശ്വാസാധിഷ്ടിതമായ ഒരു ജീവിതം നയിക്കണം. പരിശുദ്ധ പിതാവ് ബെനഡിക്ട് 16-മൻ 2009 ജൂൺ 29-ന് പ്രസിദ്ധം ചെയ്ത ഫ(Caritas in Veritate) "സത്യത്തിൽ സ്നേഹം" എന്ന ചാക്രിക ലേഖനത്തിൽ പറയുന്നതുപോലെ നമുക്ക് എത്രമാത്രം ഭൗതിക നേട്ടമുായാലും നാം ആത്മീയതയിൽ വേരൂന്നുന്നില്ലെങ്കിൽ തീർച്ചയായും പരാജയപ്പെടും. അതിനാൽ, ആത്മീയതയിൽ അടിയുറച്ച് അഭിവൃദ്ധി പ്രാപിക്കാൻ യത്നിക്കണം.

ദൈവം നമ്മെ വിളിക്കുന്നത് തന്നെ ആരാധിക്കാനാണ്. ധന്യമായ ഒരു ആരാധന ക്രമം നമുക്ക് ലഭിച്ചിട്ടു്. നമ്മുടെ ആരാധനയും പ്രാർത്ഥനയും ശ്രേഷ്ഠമായി പരിഗണിച്ചുകൊ് എല്ലാവരും വി. കുർബ്ബാനയിലും മറ്റുള്ള ആരാധനകളിലും സജീവമായി പങ്കെടുക്കണം.

ദൈവം നമുക്ക് നൽകുന്ന നന്മകൾ, നമ്മുടെ ആവശ്യങ്ങൾക്കു മാത്രം ഉപയോഗിക്കുന്ന സ്വാർത്ഥമതികളാവരുത് നാം. നമുക്കുള്ള എല്ലാ നന്മകളുടെയും ഒരു ഓഹരി മറ്റുള്ളവരുമായി നാം പങ്കുവയ്ക്കണം. അക്രൈസ്തവർ ഭൂരിപക്ഷമുള്ള ഈ നാട്ടിൽ നാം നന്മകൾ ചെയ്ത് മറ്റുള്ളവരുടെ മുമ്പിൽ ഈശോയ്ക്ക് സാക്ഷികളാകണം. നമ്മുടെ വിശ്വാസത്തെയും ആരാധനയെയും എതിർക്കുന്നവർ ഉാവാം. പക്ഷെ നമ്മുടെ വിശുദ്ധവും സ്നേഹപൂർവ്വകവുമായ ജീവിതം വഴി അവരെ ഈശോയിലേക്കും സഭയിലേക്കും ആകർഷിക്കുവാൻ നമുക്ക് സാധിക്കും. നമ്മെക്കുറിച്ച് അക്രൈസ്തവ സഹോദരങ്ങൾ എന്തു പറയുന്നു എന്ന് നാം അന്വേഷിക്കണം. "ജനം അവരെ ബഹുമാനിച്ചിരുന്നു" (നടപടി 5 : 13) എന്നാണ് ആദിമ സഭയെക്കുറിച്ച് പറയപ്പെടുന്നത്. നമ്മുടെ ജീവിതം ക് മറ്റുള്ളവർ നമ്മെ ബഹുമാനിക്കുന്നുോ എന്നുള്ളത് പ്രസക്തമായ ചോദ്യമാണ്.

നമ്മുടെ വിശ്വാസ പാരമ്പര്യം അഭംഗുരം പാലിക്കുന്നതോടൊപ്പം ഈ നാടിന്റെ നന്മകളുമായി അനുരൂപപ്പെടേത് നമ്മുടെ വളർച്ചക്ക് ആവശ്യമാണ്. ദക്ഷിണ കർണ്ണാടകയിൽ നടപ്പെട്ട സീറോ മലബാർ രൂപതയാണ് നമ്മുടെത്. അതുകൊ് ഇവിടെയാണ് നാം വളരേത്. ഈ നാടിന്റെ ആചാര രീതികൾ, ഭാഷ, ഭക്ഷണം, വസ്ത്രധാരണം മുതലായവ നാം മന ിലാക്കി സ്വീകരിക്കാവുന്നത് സ്വീകരിക്കണം. ആസന്നമാകുന്ന രൂപതായോഗത്തിൽ ഇതിനെക്കുറിച്ച് ചർച്ചകൾ നടക്കും. നാം തുറവിയുള്ള ഒരു സമുഹമാകണം.

പരിശുദ്ധ പിതാവ് ബെനഡിക്ട് 16-ാമൻ മാർപ്പാപ്പ ആവർത്തിച്ചു